# നുണ   പ്രചരിപ്പിക്കുന്നവരെ നിർത്തൂ.......................

ഈയ്യിടെ ചില മെയിലുകൾ കാണാൻ ഇടയായി  ദീനുൽ ഇസ്ലാമിനെ കുറിച്ച അന്ജതയും അഹങ്കാരവും സർേവാപരി  ഇസ്ലാമിക ചിന്നങ്ങളോട് ഉള്ള അനാദരവും അതിലെല്ലാം നിറഞ്ഞു നിൽക്കുന്നു ഇത്തരം മെയിൽ വിടുന്ന ആളുകൾ രബ്ബിന്റെ മുന്നില വെറും അസത്യം പ്രചരിപ്പിച്ചതിന്  മാത്രമല്ല സമാധാനം പറയേണ്ടി വരിക നൂറു കാണാന്ക്കിനു ആളുകളെ വഴി പിഴപ്പിച്ചതിനും നരകത്തിലേക്ക് തള്ളി വിടുന്നതിനും  ശരിക്കും കയ്യും കെട്ടി സമാധാനം  പറയേണ്ടി വരും

അക്കൂട്ടത്തിൽ മറ്റൊരു ഒരു മെയിൽ കിട്ടി അത് ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ  വല്ലാത്ത റാഹതാണ്  നിരീക്ഷകന് ഉണ്ടാക്കിയത്

ആ മെയിലിൽ അബുദാബിയിലെ മഹാനായ അഹ്മദ് മുഹമ്മദ് അല്ഖസ്രാജിയുടെ കയ്യിലുള്ള തിരുകേശം വ്യാജമാണെന്ന് തെളിയിക്കാൻ വേണ്ടി ൭൫ ഓളം സെന്റീ മീറ്റർ വലിപ്പമുള്ള ഒരു മുടി ഒരാളുടെ തലയിൽ വെച്ചാൽ എത്ര നീളം ഉണ്ടാവുമെന്ന്  ചിത്ര സഹിതം കൊടുത്തിരിക്കയാണ്  അതിൽ ഖസ്രജിയുടെ കയ്യിലെ തിരുകേശം അയാളുടെ നെഞ്ച് വരെ നീണ്ടു കിടക്കുന്ന ചിത്രം  വളരെ വെക്തമായി കാണാം  കണ്ടാൽ ഒറ്റ നോട്ടത്തിൽ ഇത്തരം ഒരു മുടി നബി (സ) വെച്ചിട്ടുണ്ടാവില്ല എന്ന് തോന്നുന്ന രീതിയിലാണ് അത് അവതരിപ്പിച്ചിരിക്കുന്നത്   ആ ഫോട്ടോ താഴെ കൊടുക്കുന്നു



എന്നാൽ ഈ ഫോട്ടോ കണ്ടതോടെ നിരീക്ഷകന്റെ അവസാനത്തെ സംശയവും തീർന്നിരികയാണ്..! ആദ്യം നിരീക്ഷകൻ ഇവരുടെ കുപ്രച്ചരണത്തിൽ പെട്ട് കരുതിപ്പോയത് ആ കസ്രജിയുടെ കയ്യിലുള്ള തിരുകേശം ഇതിലും എത്രയോ നീളം വരുമെന്നായിരുന്നു

പക്ഷെ വഹാബി മ ൌലവിമാരുടെ" ശാസ്ത്രീയമായ" രീതിയിൽ ഫോട്ടോ സഹിതം വിശദീകരിച്ച മെയിൽ വന്നതിനു ശേഷം നിരീക്ഷകന്റെ അവസാനത്തെ സംശയത്തിനും നിവാരണം ആയിരിക്കയാണ്

എന്ത് കൊണ്ടെന്നല്ലേ?

പറയാം

മഹാന്മാരായ മുഹദ്ധിസുകൾ തിരു കേശത്തെ വിശദീകരിച്ച കൂട്ടത്തിൽ നബി (സ) യുടെ തിരേ്കശം പിരടിയെക്കളും നീണ്ടു നെഞ്ച് വരെ താഴ്ന്നു കിടന്നിരുന്നു എന്ന ഹദീസ് തന്നെ ഉദ്ധരിക്കുന്നത് കാണുക

قال البغوي رحمه الله في شرح السنة 9\389

أَخْبَرَنَا أَبُو مُحَمَّدٍ الْجَوْزَجَانِيُّ ، أَخْبَرَنَا أَبُو الْقَاسِمِ الْخُزَاعِيُّ ، أَخْبَرَنَا الْهَيْثَمُ بْنُ كُلَيْبٍ ، حَدَّثَنَا أَبُو عِيسَى ، حَدَّثَنَا مُحَمَّدُ بْنُ يَحْيَى بْنِ أَبِي عُمَرَ الْمَكِّيُّ ، حَدَّثَنَا سُفْيَانُ بْنُ عُيَيْنَةَ ، عَنِ ابْنِ أَبِي نَجِيحٍ ، عَنْ مُجَاهِدٍ ، عَنْ أُمِّ هَانِئٍ بِنْتِ أَبِي طَالِبٍ ، قَالَتْ : قَدِمَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَكَّةَ قَدْمَةً وَلَهُ أَرْبَعُ غَدَائِرَ قَالَ أَبُو عِيسَى : هَذَا حَدِيثٌ حَسَنٌ

ഒന്ന് ):ഇമാം ബഗവി (റ) തന്റെ ശറഹുസ്സുന്നയിൽ ഉമ്മു ഹാനി (റ)ഇൽ നിന്ന് ഉദ്ധരിക്കുന്നു (ഉമ്മു ഹാനി എന്നവർ അബുതാലിബിന്റെ പുത്രി ആണ് മഹാനായ അലി (റ) ന്റെ സഹോദരി ) അവർ പറയുന്നു: നബി (സ) മക്ക ഫത്ഹിന്റെ ദിവസം മക്കയിൽ വരുമ്പോൾ അവിടുത്തെ തിരു ശിരസ്സിൽ നെഞ്ഞിലേക്ക് ഇറങ്ങി നിൽക്കുന്ന നാലു മുടി കെട്ടുകൾ ഉണ്ടായിരുന്നു... അബു ഈസ തുർമുദി (റ) ഈ ഹദീസ് ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്

قال في سنن ا بي داود

حدثنا النفيلي ثنا سفيان عن ابن أبي نجيح عن مجاهد قال قالت أم هانىء

: قدم النبي صلى الله عليه و سلم إلى مكة وله أربع غدائر تعني عقائص .

قال الألباني : صحيح

രണ്ടു) അബു ദാവൂദ് ഉമ്മു ഹാനി (റ)ഇൽ നിന്ന് ഉദ്ധരിക്കുന്നു : നബി (സ) മക്ക ഫത്ഹിന്റെ ദിവസം മക്കയിൽ വരുമ്പോൾ അവിടുത്തെ തിരു ശിരസ്സിൽ നെഞ്ഞിലേക്ക് ഇറങ്ങി നിൽക്കുന്ന നാലു മുടി കെട്ടുകൾ ഉണ്ടായിരുന്നു

സലഫി ചിന്ടഗതിക്കാരനായ അൽബാനി പോലും ഈ ഹദീസ് സഹീ ഹ് ആണെന്ന് പറയുന്നു

ഇബ്നു അബെ ശൈബയും സുനന് ഇബ്നു മാജയും മറ്റു മുഹദ്ദിസുകളും ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്

قال في مسند ابي شيبة

حدثنا ابو بكر قال حدثنا بن عيينة عن بن أبي نجيح عن مجاهد قال قالت أم هانئ دخل النبي صلى الله عليه و سلم مكة وله أربع غدائر تعني ضفائر

( سنن ابن ماجة )

3631 حدثنا أبو بكر بن أبي شيبة حدثنا سفيان بن عيينة عن ابن أبي نجيح عن مجاهد قال قالت أم هانئ دخل رسول الله صلى الله عليه وسلم مكة وله أربع غدائر تعني ضفائر .

تحقيق الألباني :

صحيح مختصر الشمائل ( 23 )

ഇനി വഹാബികൾക്കും ജമാഅത്ത് കാർക്കും സീകര്യനായ ഇബ്നുൽ കയ്യിം തന്റെ സാദുൽ മആദിൽ പറയുന്നത് ഒന്ന് കണ്ണ് തുറന്നു നോക്കുക വിമർശകരെ

قال ابن القيم في زاد المعاد في الفطرة وتباعها 1\167

وَكَانَ يُحِبّ التّرَجّلَ وَكَانَ يُرَجّلُ نَفْسَهُ تَارَةً وَتُرَجّلُهُ عَائِشَةُ تَارَةً . وَكَانَ شَعْرُهُ فَوْقَ الْجُمّةِ وَدُونَ الْوَفْرَةِ وَكَانَتْ جُمّتُهُ تَضْرِبُ شَحْمَةَ أُذُنَيْهِ وَإِذَا طَالَ جَعَلَهُ غَدَائِرَ أَرْبَعًا قَالَتْ أُمّ هَانِئٍ قَدِمَ عَلَيْنَا رَسُولُ اللّهِ صَلّى اللّهُ عَلَيْهِ وَسَلّمَ مَكّةَ قَدْمَةً وَلَهُ أَرْبَعُ غَدَائِرَ وَالْغَدَائِرُ الضّفَائِرُ وَهَذَا حَدِيثٌ صَحِيحٌ .

: നബി (സ) മുടി ചീകി വെക്കൽ ഇഷ്ടപ്പെട്ടിരുന്നു ചിലപ്പോൾ സ്വയം ചീകി വെക്കും മറ്റു ചിലപ്പോൾ ആയിഷ (റ) ചീകി കൊടുക്കും അവിടുത്തെ തിരു കേശം തോൾ വരെയും

ചെവികുറ്റി വരെ യും ഉണ്ടാവാറുണ്ട് ഇരു ചെവി കുറ്റികൾ വരെ ചേർന്ന് നിക്കുന്ന തിരുകേശം ഉണ്ടാവാറുണ്ട് അതിനെക്കാളും കൂടുതൽ അവിടുത്തെ തിരുകേശം നീണ്ടു പോയാൽ പ്രവാചകൻ ആ കേശത്തെ നെഞ്ഞിലേക്ക് ഇറങ്ങി നിൽക്കുന്ന രൂപത്തിൽ നാലു ഇതളുകൾ ആക്കി മുടഞ്ഞി ഇടാരുണ്ടായിരുന്നു .. ഈ ഹദീസ് സഹീ ഹ് ആണ് (ഇബ്നുൽ ഖയ്യിം സാദുൽ മആദ്)

- حدثنا أبو بكر بن أبي شيبة حدثنا سفيان بن عيينة عن ابن أبي نجيح عن مجاهد قال قالت أم هانئ دخل رسول الله صلى الله عليه و سلم مكة وله أربع غدائر تعني ضفائر * ( صحيح ) مختصر الشمائل 23

قال في التحفة الاحوذي

قوله ( قدم رسول الله صلى الله عليه و سلم مكة ) زاد أحمد في روايته مرة وكان له صلى الله عليه و سلم قدومات أربعة بمكة عمرة القضاء وفتح مكة وعمرة الجعرانة وحجة الوداع وبعض الروايات تدل على أن هذا المقدم يوم فتح مكة لأنه حينئذ اغتسل وصلى الضحى في بيتها قاله القارىء في المرقاة

ഇമാം ഇബ്നു ഹജരിൽ അസ്ഖലാനി (ര) തന്റെ വിഖ്യാധമായ ഫത് ഹുൽ ബാരിയിൽ പറയുന്നു :

وَرَوَى أَبُو دَاوُدَ وَالتِّرْمِذِيّ مِنْ حَدِيث أُمّ هَانِئ قَالَتْ : " رَأَيْت رَسُول اللَّه صَلَّى اللَّه عَلَيْهِ وَسَلَّمَ وَلَهُ أَرْبَع غَدَائِر " وَرِجَاله ثِقَات .

كَمَا أَخْرَجَ أَبُو دَاوُدَ وَالتِّرْمِذِيّ بِسَنَدٍ حَسَن مِنْ حَدِيث أُمّ هَانِئ قَالَتْ : " قَدِمَ رَسُول اللَّه صَلَّى اللَّه عَلَيْهِ وَسَلَّمَ مَكَّة وَلَهُ أَرْبَع غَدَائِر " وَفِي لَفْظ " أَرْبَع ضَفَائِر " وَفِي رِوَايَة اِبْن مَاجَهْ " أَرْبَع غَدَائِر يَعْنِي ضَفَائِر "

ഇമാം ഇബ്നു ഹൈസം (ര)തന്റെ മജ്മ ഉൽ സവാഇദിൽ ബഹുമാന സ്വഹാബി അനസ് (ര) ഉദ്ധരിക്കുന്നു

وعن أنس بن مالك قال: كانت للنبي صلى الله عليه وسلم أربع ضفائر في رأسه. رواه الطبراني في الصغير ورجاله ثقات.

قال: وحدثني علي بن يزيد، عن أبيه، عن عمته، عن أم سلمة زوج النبي صلى الله عليه وسلم قالت: ضفرت رأس النبي صلى الله عليه وسلم بذي الحليفة أربع ضفائر، فلم يحله حتى فتح مكة ومقامه بمكة، حتى حين أراد أن يخرج إلى حنين حله وغسلت رأسه بسدر.

ഇനി എസെ്കക്കാർ ഇതൊക്കെ വഹാബി പണ്ഡിതർ അല്ലെ അവരല്ലേ ഈ ഹദീസ് സഹീ ഹ് ആക്കിയിട്ടുള്ളൂ എന്ന് പറഞ്ഞു ഇതു തള്ളാൻ വരട്ടെ ,,

ഇനി പറയാൻ പോവുന്നത് ഹദീസ് ലോകത്തെ മുടി ചൂടാ മന്നനായ അല്ലാമ: ഇബ്നു ഹജരിൽ അസ്ഖലാനി (റ) തങ്ങളുടെ സാക്ഷയ്മാണ് സനദ് ഇല്ലാത്ത വർത്തമാനമല്ല മഹൻ അവർകൾ തന്റെ വിഖ്യാധമായ ഫത് ഹുൽ ബാരിയിൽ പറയുന്നു :

وَرَوَى أَبُو دَاوُدَ وَالتِّرْمِذِيّ مِنْ حَدِيث أُمّ هَانِئ قَالَتْ : " رَأَيْت رَسُول اللَّه صَلَّى اللَّه عَلَيْهِ وَسَلَّمَ وَلَهُ أَرْبَع غَدَائِر " وَرِجَاله ثِقَات .

അബു ദാവൂദും തിര്മുദിയുംഉമ്മു ഹാനീ (റ) ഇൽ നിന്ന് യോഗ്യരായ പരമ്പര വഴി മഹതി അവർകൾ നബി (സ) മക്കയിൽ വരുമ്പോൾ അവിടുത്തെ തിരു ശിരസ്സിൽ നെഞ്ഞിലേക്ക് തൂങ്ങി കിടക്കുന്ന നാലു മുടി ക്കെട്ടുകൾ ഉണ്ടായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട് ( ഫത് ഹുൽ ബാരി ബാബു സിഫതി ന്നബിയ്യി )

വീണ്ടു മഹാൻ തന്നെ പറയട്ടെ :

كَمَا أَخْرَجَ أَبُو دَاوُدَ وَالتِّرْمِذِيّ بِسَنَدٍ حَسَن مِنْ حَدِيث أُمّ هَانِئ قَالَتْ : " قَدِمَ رَسُول اللَّه صَلَّى اللَّه عَلَيْهِ وَسَلَّمَ مَكَّة وَلَهُ أَرْبَع غَدَائِر " وَفِي لَفْظ " أَرْبَع ضَفَائِر " وَفِي رِوَايَة اِبْن مَاجَهْ " أَرْبَع غَدَائِر يَعْنِي ضَفَائِر "

: അബൂ ദാവൂദും തിര്മുദിയും ഹസനായ സനദ് സഹിതം ഉമ്മു ഹാനീ(റ) നബി (സ) മക്കയിൽ വരുമ്പോൾ അവിടുത്തെ തിരു ശിരസ്സിൽ നെഞ്ഞിലേക്ക് തൂങ്ങി കിടക്കുന്ന നാലു മുടി ക്കെട്ടുകൾ ഉണ്ടായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട് (ഫത് ഹുൽ ബാരി ബാബു തല്ബീദ് )

( فتح الباري باب التلبيد)

ഇതു വരെ മഹതി ഉമ്മു ഹാനീ (റ) ന്റെ റിപോര്‍ട്ടയിരുന്നു ഇനി നബി (സ) ക്ക് പത്തു വര്ഷം ഖിദ്മത്ത് ചെയ്ത മഹാനായ അനസ് (റ) തന്നെ പറയുന്നത് കാണുക

ഇമാം ത്വബ്രാനി തന്റെ കിത്താബു സഗീരില്‍ റിപ്പോര്‍ട്ട് ചെയ്താണിത് അനസ് (റ) പറയുന്നു

ഇമാം ഇബ്നു ഹൈസം (റ)തന്റെ മജ്മ ഉല്‍ സവാഇദില്‍ ബഹുമാന സ്വഹാബി അനസ് (റ) ഉദ്ധരിക്കുന്നു

وعن أنس بن مالك قال: كانت للنبي صلى الله عليه وسلم أربع ضفائر في رأسه. رواه الطبراني في الصغير ورجاله ثقات.

നബി (സ) ക്ക് അവിടുത്തെ തിരു ശിരസ്സില്‍ നെഞ്ചിലേക്ക് ഇറങ്ങി ക്കിടക്കുന്ന വിധത്തിലുള്ള നാല് മുടിക്കെട്ടുകള്‍ ഉണ്ടായിരുന്നു

ഇമാം ത്വബ്രാനി തന്റെ കിത്താബു സഗീരില്‍ റിപ്പോര്‍ട്ട് ചെയ്താണിത്

ഇനി നബി (സ) തങ്ങളെ പ്രിയ പത്നി ഉമ്മു സലമ: ബീവി ആണ് പറയുന്നത് അല്‍ വാഖിദി തന്റെ അല്‍ മഗാസിയില്‍ പറയുന്നത് കാണൂ

قال: وحدثني علي بن يزيد، عن أبيه، عن عمته، عن أم سلمة زوج النبي صلى الله عليه وسلم قالت: ضفرت رأس النبي صلى الله عليه وسلم بذي الحليفة أربع ضفائر، فلم يحله حتى فتح مكة ومقامه بمكة، حتى حين أراد أن يخرج إلى حنين حله وغسلت رأسه بسدر.

ദുല്‍ ഹുലൈഫയില്‍ നിന്ന് ഞാന്‍ നബി (സ) തങ്ങള്‍ക്കു അവിടുത്തെ തിരു കേശം നെഞ്ചിലേക്ക് തൂങ്ങി കിടക്കുന്ന രീതിയില്‍ നാല് ഇതളു കളാക്കി മുടഞ്ഞിട്ടു കൊടുത്തിരുന്നു ആ മുടികെട്ടു മക്ക ഫത് ഹു ആവുന്നത് വരെയും മക്കയില്‍ നില്‍ക്കുന്ന സമയത്തും അവിടുന്ന് അഴിചിട്ടുണ്ടയിരുന്നില്ല അങ്ങിനെ ഹുനൈന്‍ യുദ്ധത്തിലേക്ക് പുറപ്പെടാന്‍ ഉദ്ധേഷിച്ചപ്പോള്‍ ആ മുടികെട്ടു കഴിച്ചു ഞാന്‍ അവിടുത്തെ ശിരസ്സ് താളി ഉപയോഗിച്ച് കഴുകി കൊടുക്കുകയും ചെയ്തു

## നബി (സ) തങ്ങള്‍ക്കു ചെവി ക്കുറ്റി വരെ ക്കും പിരടി വരേയ്ക്കും മുടി ഉണ്ടായിരുന്നു എന്ന ഹദീസുകളൊക്കെ വിശകലനം ചെയ്തു കൊണ്ട് മഹാനായ ഇബ്നു ഹജരില്‍ അസ്ഖലാനി (റ) പറയുന്നത് കാണുക :

وَمَا دَلَّ عَلَيْهِ الْحَدِيث مِنْ كَوْن شَعْره صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ إِلَى قُرْب مَنْكِبَيْهِ كَانَ غَالِب أَحْوَاله ، وَكَانَ رُبَّمَا طَالَ حَتَّى يَصِير ذُؤَابَة وَيَتَّخِذ مِنْهُ عَقَائِص وَضَفَائِر كَمَا أَخْرَجَ أَبُو دَاوُدَ وَالتِّرْمِذِيّ بِسَنَدٍ حَسَن مِنْ حَدِيث أُمّ هَانِئ قَالَتْ : " قَدِمَ رَسُول اللَّه صَلَّى اللَّه عَلَيْهِ وَسَلَّمَ مَكَّة وَلَهُ أَرْبَع غَدَائِر " وَفِي لَفْظ " أَرْبَع ضَفَائِر " وَفِي رِوَايَة اِبْن مَاجَهْ " أَرْبَع غَدَائِر يَعْنِي ضَفَائِر " وَالْغَدَائِر بِالْغَيْنِ الْمُعْجَمَة جَمْع غَدِيرَة بِوَزْنِ عَظِيمَة ، وَالضَّفَائِر بِوَزْنِهِ . فَالْغَدَائِر هِيَ الذَّوَائِب وَالضَّفَائِر هِيَ الْعَقَائِص ، فَحَاصِل الْخَبَر أَنَّ شَعْره طَالَ حَتَّى صَارَ ذَوَائِب فَضَفَّرَهُ أَرْبَع عَقَائِص ، وَهَذَا مَحْمُول عَلَى الْحَال الَّتِي يَبْعُد عَهْده بِتَعَهُّدِهِ شَعْره فِيهَا وَهِيَ حَالَة الشُّغْل بِالسَّفَرِ وَنَحْوه وَاَللَّه أَعْلَم . ( فتح الباري باب التلبيد)

ഹദീസില്‍ നബി (സ) തങ്ങളുടെ കേശം പിരടിയോടു അടുത്ത് കിടക്കാരുണ്ടായിരുന്നു എന്ന് വന്നത് ആ അവസ്ഥയിലായിരുന്നു മിക്കവാറും സമയം എന്ന് വെക്കണം ചിലപ്പോള്‍ പിരടിയെക്കളും നീളത്തില്‍ പ്രവാചകന്റെ തിരുകേശം നീളുകയും അതിനെ മുടഞ്ഞിടപ്പെട്ട മുടിക്കെടുകലാക്കി വെക്കാറും ഉണ്ടായിരുന്നു ഇമാം അബൂ ദവൂദും തുര്‍മുദിയും ഹസനായ സനദ് സഹിതം ഉമ്മു ഹാനി (റ) ഇല്‍ നിന്ന് ഉദ്ധരിച്ചത് പോലെ

:നബി (സ) മക്കയില്‍ വരുമ്പോള്‍ അവിടുത്തെ തിരു ശിരസ്സില് നെഞ്ചിലേക്ക് തൂങ്ങി കിടക്കുന്ന നാലു മുടി ക്കെട്ടുകള്‍ ഉണ്ടായിരുന്നു എന്ന് "...

ചുരുക്കത്തില്‍ പ്രവാചകന്റെ തിരുകേശം മുടഞ്ഞിടാന്‍ പാകത്തിലുള്ള മുടിക്കെട്ടുകള്‍ ആക്കി വെക്കാന്‍ പറ്റുന്ന രീതിയില്‍ നല്ലത് പോലെ നീണ്ടു കിടന്നിരുന്നു ,നബി തങ്ങള്‍

ഈ രൂപത്തിൽ മുടി മുടഞ്ഞിടാരുല്ലത് മുടി കാര്യമായി ശ്രദ്ദിക്കാൻ സാദിക്കാത്ത യാത്ര വേളകളിൽ ആയിരുന്നു
(ഫത് ഹുൽ ബാരി ബാബു തല്ബീദ്)

ഇവിടെ നബി തങ്ങൾക്കു ശിരസ്സിൽ നെഞ്ഞിലേക്ക് തൂങ്ങി കിടക്കുന്ന നാലു മുടി കെട്ടുകൾ ഉണ്ടായിരുന്നു എന്നതിന് മൂന്നു സ്വഹാബികളുടെ സാക്ഷയ്മാണ് നാം കണ്ടത് ഉമ്മു ഹാനീ (ര) ഉമ്മു സലമ ബീവി ,അനസ് (ര) തുടങ്ങിയവർ

അതിനു ഇബ്നു ഹജരിൽ അസ്ഖലാനി തങ്ങളെ പോലുള്ളവരുടെ ക്ലീൻ സർട്ടിഫിക്കറ്റും നാം കണ്ടു കഴിഞ്ഞു

ഇനി നമുക്ക് നോക്കാനുള്ളത് ഈ ഹദീസിൽ പറഞ്ഞ അൽഗദാഇർ...എന്നതിന് നെഞ്ഞിലേക്ക് തൂങ്ങി കിടക്കുന്ന മുടിക്കെട്ടുകൾ എന്ന്നു ആരാണ് അർഥം നൽകിയത് എന്നാണ് അതുംകൂടി നോക്കാം

لسان العرب - ابن منظور ]

الكتاب : لسان العرب

المؤلف : محمد بن مكرم بن منظور الأفريقي المصري

والغدائِرُ الذوائب واحدتها غَدِيرة قال الليث كل عَقِيصة غَدِيرة والغَدِيرتان الذُّؤابتان اللتان تسقطان على الصدر..... وفي صفته صلى الله عليه وسلم قدِمَ مكّة وله أَربعُ غدائِرَ هي الذوائب واحدتها غَدِيرة

ലിസാനുൽ അറബിൽ ഗദീർ വിശദീകരിച്ചു നബി (സ) തങ്ങൾക്കു നാലു ഗദീർ ഉണ്ടായിരുന്നു എന്നും സ്മരിക്കുന്നു

كتاب : المحكم والمحيط الأعظم

المؤلف : أبو الحسن علي بن إسماعيل بن سيده المرسي

سنة الولادة / سنة الوفاة 458هـ

تحقيق عبد الحميد هنداوي

والغديرتان : الذؤابتان اللتان تَسقطان على الصدر .

الكتاب : تاج العروس من جواهر القاموس

المؤلف : محمّد بن محمّد بن عبد الرزّاق الحسيني ،

أبو الفيض ، الملقّب بمرتضى ، الزَّبيدي

تحقيق مجموعة من المحققين

والغَديرَتان : الذُّؤابَتان اللَّتان تَسْقُطان على الصَّدْر ، ج غَدائِرُ

രണ്ടു ഗദീർ എന്നാൽ നെഞ്ഞിലേക്ക് ഇറങ്ങി നിൽക്കുന്ന രണ്ടു മുടി ക്കെട്ടുകൾ എന്നാണ്

അപ്പോൾ നാലു ഗദീർ എന്നാൽ നെഞ്ഞിലേക്ക് ഇറങ്ങി നിൽക്കുന്ന നാലു മുടി ക്കെട്ടുകൾ എന്നാണ്

ഉമ്മു ഹാനീ (റ) നബിയുടെ ശിരസ്സിൽ നാലു മുടികെട്ടു കണ്ടു എന്ന് പറഞ്ഞതിനെ പറ്റി പണ്ഡിതർ പറയുന്നത് കാണൂ

## ഇനി പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് ഇവിടെ വെക്കാൻ പോകുന്നത്

ഒന്നാമതായി, **നബി(സ) തന്റെ തിരുകേശം വെട്ടിക്കളയുകയോ ഹജ്ജിലോ ഉമ്രക്കോ അല്ലാതെ മുണ്ഡനം ചെയ്യാറുമില്ല** എന്ന് പണ്ഡിതർ വെക്തമാക്കിയിട്ടുണ്ട്

അത് കാണുക ഇബ്ന്ൽ ഖയ്യിം തന്റെ സാദുൽ മ ആദിൽ പറയുന്നത് കാണുക

وَكَانَ هَدْيُهُ فِي حَلْق الرّأس تَرْكَهُ كُلّهُ أَوْ أَخْذَهُ كُلّهُ وَلَمْ يَكُنْ يَحْلِقُ بَعْضَهُ وَيَدَعُ بَعْضَهُ وَلَمْ يُحْفَظْ عَنْهُ حَلْقُهُ إلّا فِي نُسُكٍ .

നബി (സ) തങ്ങളുടെ തിരു കേശത്തിൽ ഉള്ള മാത്യക ഒന്നുകിൽ മുഴുവൻ കളയുക . അല്ലെങ്കിൽ തീരെ വെട്ടാതെയും കളയാതെയും മുഴുവൻ വിട്ടേക്കുക ഇതായിരുന്നു , നബി (സ) ഹജ്ജിനോ ഉമ്രക്കോ അല്ലാതെ മുടി കളഞ്ഞതായി സ്ഥിരീകരിക്കപ്പെട്ടിട്ടുമില്ല ഈ വിഷയം വേറെയും പലർ പറഞ്ഞിട്ടുണ്ട്

രണ്ടാമതായി:

## ഹിജ്രക്ക് ശേഷം നബി (സ) മൂന്നു പ്രവശ്യമാല്ലാതെ തിരു കേശം കളഞ്ഞിട്ടില്ല

എന്ന് **ഇമാം നവവി (ര)** പറയുന്നത് കാണുക

قال الإمام النووي: (هذا، ولم يحلق النبي صلى الله عليه وسلم رأسه (أي بالكلية) في سني الهجرة إلا عام الحديبية ثم عام عمرة القضاء ثم عام حجة الوداع).( الكتاب : موسوعة الدفاع عن رسول الله صلى الله عليه وسلم2\31)

"ഹിജ്രക്ക് ശേഷം മൂന്നു പ്രാവശ്യം മാത്രമാണ് മുടി എടുതതത് ഒന്ന്, ഹുദൈബിയ്യ സന്ധി നടന്ന വർഷത്തിൽ ഹുദൈബിയ്യയിൽ വെച്ച് , രണ്ടു അടുത്ത വര്ഷം ഏഴിന് ഉമ്രതുൽ കദാ ഇൽ വെച്ച് , മൂന്നു ഹജ്ജത്തുൽ വദാഇൽ വെച്ച് ,ഉമ്രതുൽ ജിഉരാനയിൽ നബി (സ) തങ്ങൾ തന്റെ മുടി കളഞ്ഞിട്ടില്ല

മൂന്നാമതായി : **നബി (സ) എത്ര പ്രാവശ്യം ആണ് ഹിജ്രക്ക് ശേഷം ഹജ്ജും ഉംറയും ചെയ്തത്?** എന്നുള്ളതാണ് ഹജ്ജു ഒരു പ്രാവശ്യമാണ് ചെയ്തതെങ്കിൽ നാലു പ്രാവശ്യം ഉമ്രക്കു ഇഹ്റാം ചെയ്തിട്ടുണ്ട് പക്ഷെ മൂന്നെണ്ണം മാത്രമേ ചെയ്യാൻ കഴിഞ്ഞിള്ളൂ

ഹിജ്രക്ക് ശേഷം ആദ്യമയി നബി (സ) യും സ്വഹാബികളും ഉമ്ര ചെയ്യാൻ തീരുമാനിച്ചു മക്കക്കടുത്ത ഹുദൈബിയ്യയിൽ എത്തിയപ്പോൾ മക്കയിൽ പ്രവേശിക്കാൻ അനുവദിക്കില്ല എന്ന് പറഞ്ഞു ഖുറൈശികൾ അവിടെ വെച്ച് തടഞ്ഞു അത് ഹിജ്ര ആറാം വർഷത്തിലയിരുന്നു അത് കാരണം ആ ഉമ്ര ആ വര്ഷം ചെയ്യാൻ കഴിഞ്ഞില്ല

പിന്നീടുഅടുത്ത വര്ഷംആണ് ( ഹിജ്ര എഴാം വർഷത്തിൽ) ഉമ്രതുൽ കദാ എന്ന പേരിൽ അറിയപ്പെട്ടആ ഉമ്ര നബി(സ) യും സ്വഹാബികളും ചെയ്തത് ഈ ഉമ്രയാണ് ഹിജ്രക്ക് ശേഷം നബി(സ) യും സ്വഹാബികളും ആദ്യമയി ചെയ്യുന്ന ഉമ്ര

രണ്ടാമതായി: നബിയും സ്വഹാബികളും ഉമ്ര ചെയ്തത് ഉമ്രതുൽ ജിഉരാനയാണ് അത് മക്ക ഫതഹിന്റെ ശേഷമാണു

മക്ക ഫത്ഹു നടന്നത് ഹിജ്ര എട്ടിലാണ് അതെ വർഷത്തിൽ തന്നെയാണ് ഈ ഉംറയും ചെയ്തത്

മൂന്നാമതായി ഉമ്ര ചെയ്തത് ഹജ്ജത്തുൽ വദാ ഇന്റെ ദിവസം ചെയ്ത ഉമ്രയാണ് അത് ഹിജ്ര പത്തിലാണ് ഈ ഉമ്രകളെല്ലാം ചെയ്തത് ദുൽ കാദ് മാസത്തിലാണ്

നാലാമതായി :

## എത്ര പ്രാവശ്യമാണ് നബി (സ) മൊത്തത്തിൽ മക്കയിലേക്ക് വന്നത് എന്നതാണ്

### നബി (സ) തങ്ങൾനാലു പ്രാവശ്യം

മക്കയിലേക്ക് വന്നിട്ടുണ്ട്

ഒന്ന്: ഉമ്രതുൽ കദാ ഇൽ ,രണ്ടു: മക്ക ഫതഹിൽ അന്ന് അവിടുന്ന് ഉമ്ര ചെയ്തില്ല തവാഫ് മാത്രമാണ് ചെയ്തത് ,മൂന്ന : ഉമ്രതുൽ ജിഉരാനയിൽ ,നാലു :ഹജ്ജത്തുൽ വദാ ഇൽ ,

ഇനി നമുക്ക് നോക്കാനുള്ളത് ഹിജ്ര കഴിഞ്ഞതിനു ശേഷം എത്രാം വർഷത്തിലാണ് നബി (സ) ആദ്യമായി മുടി കളഞ്ഞത് എന്നാണ്,

നിസ്സംശയം നമുക്ക് പറയാം ഹിജ്ര ആറാം വർഷത്തിലാണ് ആദ്യമായി നബി (സ) മുടി

എടുത്ത് എന്ന് അത് ഹുദൈബിയ്യ യിൽ വെച്ചായിരുന്നു ,മക്ക മുശ്രിക്കുകൾ മക്കയിൽ കടക്കാൻ നബിയും സ്വഹാബികളെയും അനുവദിക്കാത്ത വർഷമായിരുന്നു അത് .

അന്ന് ഹുദൈബിയ്യയിൽ വെച്ച് നബിയും സ്വഹാബികളും അറവു നടത്തുകയും മുടി എടുക്കുകയും ചെയ്തു അന്നത്തെ സമ്പവ വികാസങ്ങൾ മുശ്രിക്കായ ഉർവത് ബ്നു മസൂദ് തന്നെ വിവരിച്ചത് കാണാം നബി(സ) കാർക്കിച്ചു തുപ്പിയാൽ പോലും സ്വഹാബികൾ

നിലത്തു വീഴാൻ അനുവദിച്ചിരുന്നില്ല എന്നും നബി(സ) വുദു എടുത്ത വെള്ളം കൈക്കലാക്കാൻ അവർ യുദ്ധം വരെ നടത്താൻ തയ്യാറായിരുന്നു എന്നും അയാൾ സാക്ഷ്യ പ്പെടുത്തിയിട്ടുണ്ട് അത്തരം സന്ദർഭത്തിൽ നബി (സ) തന്റെ തിരു കേശം കളഞ്ഞാൽ അത് അവർ കൈവശപ്പെടുത്താതെ കുഴിച്ചിടുകയായിരുന്നു എന്ന് ബുദ്ദി നഷ്ട്ട പെട്ടവരെ കരുതുകയുള്ളൂ

എങ്കിൽ ആറു വര്ഷം കളയാതെ വെച്ചിരുന്ന തിരു കേശമാണ് പ്രവാചകൻ അന്ന് കളഞ്ഞത് എന്നുറപ്പാണല്ലോ അങ്ങിനെ എങ്കിൽ ആ തിരുകേശത്തിന്റെ വലിപ്പം എത്ര ഉണ്ടാവുമെന്ന് ഒന്ന് സങ്കല്പിച്ചു നോക്കൂ എസെ്കക്കരാ, വഹാബീ മഠ ഘദൂടികളെ ,ബോദം കെടാതെ സൂക്ഷിക്കണം എന്ന് മാത്രമേ പറയാനുള്ളൂ , നബി (സ) യുടെ തിരുകേശം അളക്കാൻ സെ്കയിൽ ഉപയോഗിക്കുന്ന നിങ്ങൾ ഒന്ന് മനസ്സിൽ അന്ന് ഹുദൈബിയ്യയിൽ കലെ്ഞ്ഞടുത്ത തിരുകേശത്തിന്റെ വലിപ്പമൊന്നു അളന്നു നോക്കൂ

## രണ്ടാമതായി

നബി (സ) തങ്ങൾ തിരു കേശം കളഞ്ഞത് അടുത്ത വര്ഷം അഥവാ ഹിജ്ര എഴാം വർഷത്തിലാണ് ഉമ്രതുൽ കദാ ഇൽ ആണത് അത് മർവയിൽ വെച്ച് കൊണ്ടാണ് പിന്നീടു നബി (സ) മക്കയിൽ വന്നത് മക്ക ഫതഹിന്റെ ദിനത്തിലാണ് അന്ന് നബി (സ) തങ്ങൾ ഉമ്ര ചെയ്തിരുന്നില്ല വെറും തവാഫ് മാത്രമാണ് ചെയ്തത് അന്ന് മുടി എടുക്കേണ്ട കാര്യവുമില്ല അന്ന് നബി (സ) മക്കയിൽ വന്നപ്പോൾ ഉള്ള കാഴ്ചയാണ് മഹതി ഉമ്മു സലമ ബീവിയും ഉമ്മു ഹാനീ ബീവിയും (ര) നമുക്ക് പറഞ്ഞു തന്നത് അഥവാ നബി (സ) മക്കയിൽ വരുമ്പോൾ നെഞ്ചിലേക്ക് തൂങ്ങി ക്കിടക്കുന്ന രീതിയിൽ നാലു മുടി ക്കെട്ടുകൾ ഉണ്ടായിരുന്നു എന്ന് പറഞ്ഞത്

ഈ വിഷയവുമായി ബന്ടപ്പെട്ടു മുല്ല അലിയ്യുൽ കാരിയെ പോലുള്ള ഹദീസ് നിരൂപകർ വിവരിച്ചത് കാണുക : ശഠ ഘകാനി തന്റെ തുഹ്ഫതുൽ അഹ് വധിയിൽ മിര്ഖാതിൽ നിന്നും ഉദ്ധരിക്കുന്നു

قوله ( قدم رسول الله صلى الله عليه و سلم مكة ) زاد أحمد في روايته مرة وكان له صلى الله عليه و سلم قدومات أربعة بمكة عمرة القضاء وفتح مكة وعمرة الجعرانة وحجة الوداع وبعض الروايات تدل على أن هذا المقدم يوم فتح مكة لأنه حينئذ اغتسل وصلى الضحى في بيتها قاله القارىء في المرقاة ( وله أربع ضفائر ) جمع ضفيرة قال في مجمع البحار قوله ضفائر وهي الذوائب المضفورة ضفر الشعر أدخل بعضه في بعض انتهى

والحديث رواه أبو داود وترجم له باب ضفر الرجل شعره ورواه بن ماجه وترجم له باب اتخاذ الجمة والضفائر

قال في إنجاح الحاجة حاشية بن ماجه قوله

وله أربع غدائر لعله فعل ذلك لدفع الغبار انتهى

قلت وهو الظاهر لأنه صلى الله عليه و سلم كان في السفر

മറ്റു ചില രിവയതുകളിൽ , നബി (സ) തലയിൽ നാലു മുടിക്കെട്ടു ഉണ്ടായിരുന്നു എന്ന ഉമ്മു ഹാനീ (റ) പറഞ്ഞ സംഭവം മക്ക ഫതഹിൽ ആണെന്ന് വെക്തമാക്കുന്ന വിവരങ്ങൾ വന്നിട്ടുണ്ട് കാരണം നബി (സ) തങ്ങൾ ആ മഹതിയുടെ വീട്ടിലാണ് അന്ന് കുളിച്ചതും ദുഹാ നിസ്കരിച്ചതും എന്ന് വന്നിട്ടുണ്ട് ഈ കാര്യം മിര്ഖത്തിൽ മുല്ല അലിയ്യുൽ ഖാരി വെക്തമാക്കിയിട്ടുണ്ട് ഈ ഹദീസ് അബൂദാവൂദ് പുരുഷൻ തല മുടി മുടഞ്ഞിടൽ എന്ന ഹെടിങ്ങിലും,ഇബ്നു മാജ മുടിക്കെട്ടുകൾ ആക്കാം എന്ന ഹെടിങ്ങിലും ആണ് കൊണ്ട് വന്നിട്ടുള്ളത് ഇബ്നു മജയുടെ ഹാശിയയിൽ ഇതു നബി (സ) ചെയ്തത് തന്റെ തിരുകേശം പോടീ നിറ യാതിരിക്കാൻ ആയിരുന്നു എന്ന് പറഞ്ഞിട്ടുണ്ട് എന്നാൽ ഞാൻ പറയുന്നു (ഷഠ ഘകാനി) ഒരു പക്ഷെ നബി (സ) അപ്രകാരം ചെയ്തത് യാത്രയിൽ ആയതു കൊണ്ടും ആവാം ( ശഠ ഘകാനി തന്റെ തുഹ്ഫതുൽ അഹ് വധിയി)

മൂന്നാമതായി പ്രവാചകർ (സ) തന്റെ തിരുകേശം കളഞ്ഞത് ഹജ്ജത്തുൽ വദാഇലാണ് അതിനിടക്ക് തിരുകേശം കളഞ്ഞിട്ടില്ല എന്നാണ് ഇമാം നവവി (ര) പോലയുള്ളവർ പറയുന്നത് മക്ക ഫത്ഹിനു ശേഷം ചെയ്ത ഉമ്ര ജി ഉരാനയിൽ നബി(സ)

തന്റെ മുടി കളഞ്ഞിട്ടില്ല എന്നും വെട്ടുകയാണ് ചെയ്തതെന്നും ഉമ്രയിൽ മുടി വെട്ടൽ എന്ന അദ്ധ്യായത്തിൽ മഹാൻ അവർകൾ പറയുന്നു .

قال الامام النووي رح في شرح مسلم في باب التقصير في العمرة 4\349

قَوْله : ( قَالَ اِبْن عَبَّاس : قَالَ لِي مُعَاوِيَة : أَعَلِمْت أَنِّي قَصَّرْت عَنْ رَأْس رَسُول اللَّه صَلَّى اللَّه عَلَيْهِ وَسَلَّمَ عِنْد الْمَرْوَة بِمِشْقَصٍ ؟ فَقُلْت : لَا أَعْلَم هَذِهِ إِلَّا حُجَّة عَلَيْك )

وَفِي الرِّوَايَة الْأُخْرَى : ( قَصَّرْت عَنْ رَسُول اللَّه صَلَّى اللَّه عَلَيْهِ وَسَلَّمَ بِمِشْقَصٍ ، وَهُوَ عَلَى الْمَرْوَة ، أَوْ رَأَيْته يُقَصَّر عَنْهُ بِمِشْقَصٍ ، وَهُوَ عَلَى الْمَرْوَة ) . فِي هَذَا الْحَدِيث جَوَاز الِاقْتِصَار عَلَى التَّقْصِير وَإِنْ كَانَ الْحَلْق أَفْضَل ، وَسَوَاء فِي ذَلِكَ الْحَاجّ وَالْمُعْتَمِر ، إِلَّا أَنَّهُ يُسْتَحَبّ لِلْمُتَمَتِّعِ أَنْ يُقَصِّر فِي الْعُمْرَة وَيَحْلِق فِي الْحَجّ لِيَقَع الْحَلْق فِي أَكْمَل الْعِبَادَتَيْنِ ، وَقَدْ سَبَقَتْ الْأَحَادِيث فِي هَذَا . وَفِيهِ أَنَّهُ يُسْتَحَبّ أَنْ يَكُون تَقْصِير الْمُعْتَمِر أَوْ حَلْقه عِنْد الْمَرْوَة لِأَنَّهَا مَوْضِع تَحَلُّله ، كَمَا يُسْتَحَبّ لِلْحَاجِّ أَنْ يَكُون حَلْقه أَوْ تَقْصِيره فِي مِنًى لِأَنَّهَا مَوْضِع تَحَلُّله ، وَحَيْثُ حَلَقَا أَوْ قَصَّرَا مِنْ الْحَرَم كُلّه جَازَ . وَهَذَا الْحَدِيث مَحْمُول عَلَى أَنَّهُ قَصَّرَ عَنْ النَّبِيّ صَلَّى اللَّه عَلَيْهِ وَسَلَّمَ فِي عُمْرَة الْجِعِرَّانَة لِأَنَّ النَّبِيّ صَلَّى اللَّه عَلَيْهِ وَسَلَّمَ فِي حَجَّة الْوَدَاع كَانَ قَارِنًا كَمَا سَبَقَ إِيضَاحه ، وَثَبَتَ أَنَّهُ صَلَّى اللَّه عَلَيْهِ وَسَلَّمَ حَلَقَ بِمِنًى وَفَرَّقَ أَبُو طَلْحَة رَضِيَ اللَّه عَنْهُ شَعْره بَيْن النَّاس ، فَلَا يَجُوز حَمْل تَقْصِير مُعَاوِيَة عَلَى حَجَّة الْوَدَاع. ولا يصح حمله أيضاً على عمرة القضاء الواقعة سنة سبع من الهجرة ، لأن معاوية لم يكن يومئذ مسلماً ، إنما أسلم يوم الفتح سنة ثمان ، هذا هو الصحيح المشهور

മുആവിയ്യ (ര) ഇബ്നു അബ്ബാസ് (ര) നോട് പറയുന്നു നീ അറിഞ്ഞിട്ടില്ലേ ? ഞാൻ നബി (സ) തങ്ങളുടെ മുടി (ഉമ്രക്കു ശേഷം ) മർവക്കടുത് വെച്ച് അമ്പിന്റെ പരന്ന മൂർച്ചയുള്ള ഭാഗം കൊണ്ട് വെട്ടിക്കൊടുതത്?... ഈ ഹദീസ് വിശദീകരിച്ചു മഹാൻ പറയുന്നു ഈ ഹദീസിൽ ഹാജിക്കായാലും ഉമ്രക്കാരൻ ആയാലും അവസാനം മുടി വെട്ടൽ അനുവദനീയം ആണെന്ന് വരുന്നുണ്ട് മുടി കളയലാണ് ഏറ്റവും ശ്രേഷ്ഠമെങ്കിലും ,എങ്കിലും തമത്തു ആയി ഇഹ്രാം ചെയ്തവൻ ഉമ്ര കഴിഞ്ഞാൽ മുടി വെട്ടലും ഹജ്ജു കഴിഞ്ഞാൽ മുടി കളയലും സുന്നതുണ്ട് ...ഈ ഹദീസിൽ പറഞ്ഞ മുആവിയ്യ (ര) നബി(സ) തങ്ങളുടെ മുടി വെട്ടി എന്ന് പറഞ്ഞത് ഉമ്രതുൽ ജി ഉരാനയിലനെന്നു വെക്കേണ്ടതാണ് കാരണം നബി (സ) ഹജ്ജത്തുൽ വദാഇൽ ഖാരിൻആയിട്ടാണ് ഇഹ്റാം ചെയ്തത് ...ഹിജ്റ എഴാം വർഷത്തിൽ നടന്ന ഉമ്രതുൽ കദാ ഇലാണ് ഇതെന്നും വെക്കാൻ വയ്യ കാരണം മുആവിയ്യ (ര) അന്ന് മുസ്ലിം ആയിട്ടില്ല മഹാൻ ഹിജ്റ എട്ടിലാണ് മുസ്ലിമാവുന്നത് ഇതാണ് ഏറ്റവും സീകര്യമായ അഭിപ്രായം ..(ശരഹു മുസ്ലിം )

അപ്പോൾ ഹിജ്റ എട്ടാം വർഷത്തിൽ നബി (സ) മക്കയിലേക്ക് വരുമ്പോൾ അവിടുത്തെ ശിരസ്സിൽ ഉണ്ടായിരുന്ന നെഞ്ചിലേക്ക് വീണു കിടന്നിരുന്ന നാലു കേട്ടുകളയുള്ള തിരു കേശം അതെ വര്ഷം രണ്ടു മാസം കഴിഞ്ഞു ചെയ്ത ഉമ്ര ജിഉരാനയിൽ വെച്ചും മുഴുവൻ വടിച്ചു കളഞ്ഞില്ല എന്ന് വെക്തമായി,( നബി (സ) തങ്ങൾ മുടി ഹജ്ജിലോ ഉമ്രയിലോ അല്ലാതെ വെട്ടാരോ വടിക്കാരോ ഇല്ല എന്ന അവിടുത്തെ ചര്യ കൂടി നാം മനസ്സിലാക്കുമ്പോൾ അവിടുത്തെ തിരു കേശം വീണ്ടും വീണ്ടും വളരാൻ തന്നെയാണ് സാധ്യത .) പിന്നെ എന്നാണ് ആ തിരുകേശം മുഴുവൻ വടിച്ചു കളഞ്ഞത് സംശയമില്ല ഹജ്ജത്തുൽ വദാഇൽ തന്നെ അപ്പോഴേക്കും വര്ഷം രണ്ടു വീണ്ടും കൂടി എന്ന് കൂടി നാം മനസ്സിലാക്കണം നബി(സ) ഹിജ്റ എഴിൽ ഉമ്രതുൽ കദാ കഴിഞ്ഞപ്പോൾ വടിച്ചു കളഞ്ഞ മുടി ഹിജ്റ എട്ടു ആഴപ്പോഴേക്കും നെഞ്ചിലേക്ക് വീണു കിടക്കുന്ന രീതിയിൽ വളർന്നിട്ടുണ്ടെങ്കിൽ രണ്ടു വര്ഷം വടിക്കാതെ ഇട്ടാൽ എത്ര നീളം കൂടുമെന്ന് ആരെയും പറഞ്ഞറീക്കേണ്ടതില്ല ഇതോടെ വിവരമില്ലാത്ത എസെ്കക്കാരൻ നേതാവിന്റെയും ശിങ്കിടി കളുടെയും ചോദ്യം വെറും പൊള്ളയായി ഹജ്ജത്തുൽ വദാ ഇൽ നബിയുടെ തിരു കേശത്തിന്റെ വലിപ്പം എത്ര ഉണ്ടായിരുന്നു എന്നതും ചെവി ക്കുറ്റിയിൽ കൂടുതൽ മുടി വളർത്തിയില്ല എന്നതുമായ വാദം വെറും വിവരക്കേടും ജനങ്ങളെ തമ്മിലടിപ്പിക്കാൻ ഉദ്ധെഷിച്ചുല്ലതുമാണ് ഇനി നമുക്ക് ചോദിക്കാനുള്ളത് വഹാബി ശൈലി കടമെടുത് ബഹാ ഉദ്ധീൻ മ ൌലവിയും കൂട്ടരും ചോദിക്കുന്നത് പോലെ ഇവിടെ നബി(സ) സ്ത്രീകളെ പോലെ മുടി നീട്ടി എന്ന് പരിഹസിക്കാൻ നിങ്ങൾ വീണ്ടും തയ്യാറാവുമോ? അറിയാൻ ആഗ്രഹമുണ്ട് സലഫി ചിന്ധ ഗതിക്കാരായ ചില ആളുകൾ നേടിയ മുടിയുടെ ഫോട്ടോ കൂടി ഇതോടു കൂടി വെക്കുന്നു ചെച്നിയയിലേക്ക് റഷ്യ ക്കാരുമായി യുദ്ധത്തിനു പോയ സലഫി ചിന്ടക്തിക്കരന്റെതാണ് ഫോട്ടോ പേർ ഖത്താബ് നാട് സൌദി അറേബ്യ


khattab8477
Subscribe
6:11 / 7:56
240p


alkhatab القائد الخطاب
alra7matv
Subscribe
Download this video
1:13 / 3:09
360p
Like
Flag
133,430 views


alkhatab القائد الخطاب
alra7matv
Subscribe
Download this video
1:25 / 3:09
360p
Like
Flag
133,430 views


alkhatab القائد الخطاب
alra7matv
Subscribe
Download this video
1:29 / 3:09
360p
Like
Flag
133,430 views

## വാഹബികൾ കൊടുത്ത ഫോട്ടോയും സലഫി മുജാഹിതുകളുടെ ഫോട്ടോയും ഒരു താര തമ്യം







തെറി ആവശ്യമില്ല, പ്രമാണം കൊണ്ട് മാത്രം ഇവിടെ കൊടുത്ത തെളിവുകളെ ഖണ്ടിക്കാൻ തയ്യാറുള്ള ആരെയും അത് ദാറുൽ ഹുദയിൽ നിന്നായാലും സുല്ലമുൽ ഉലൂമിൽ നിന്നായാലും ശാന്ത പുറത്തു നിന്നായാലും "നിരീക്ഷകൻ" സ്വാഗതം ചെയ്യുന്നു

**തീരുന്നില്ല.......**

**സ്വഹാബികൾ എങ്ങിനെ മുടി നീട്ടിയിരുന്നു എന്നും മുടിയെ സമ്പന്ധിച്ച് ചോദ്യങ്ങൾ വന്നപ്പോൾ അത് സന്ബന്ധ മയി സലഫികൾ തന്നെ കൊടുത്ത മറുപടിയും അടുത്ത മെയിലിൽ പ്രതീക്ഷിക്കുക**

**......നിരീക്ഷകൻ**